# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 30.10.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) രണ്ടു ദിവസത്തെ സന്ദർശനത്തിന് ഗുജറാത്തിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി കെവാഡിയയിൽ 1,140 കോടി രൂപയുടെ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.

**Prime Minister Narendra Modi, who arrived in Gujarat for a two-day visit, will inaugurate development projects worth ₹1,140 crore in Kevadia.**

2) സർദാർ വല്ലഭ് ഭായ് പട്ടേലിൻറെ ജന്മവാർഷിക ദിനത്തിൽ രാഷ്ട്രീയ ഏക്താ ദിവസ് ആഘോഷങ്ങൾക്കൊരുങ്ങി രാജ്യം, നാളെ ഗുജറാത്തിൽ ഏക്താ റാലി പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

**On the birth anniversary of Sardar Vallabhbhai Patel, the nation is gearing up for the Rashtriya Ekta Diwas (National Unity Day) celebrations; the Prime Minister will inaugurate the Ekta Rally in Gujarat tomorrow.**

3) രാജ്യത്തുടനീളം വിവിധ റെയിൽവേ സ്റ്റേഷനുകളിലായി യാത്രക്കാർക്കുള്ള 76 കാത്തിരുപ്പു കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം നല്കി കേന്ദ്ര റെയിൽവേ മന്ത്രാലയം.

**The Union Ministry of Railways has approved a project to develop 76 holding area for passengers at various railway stations across the country.**

4) ബിഹാറിൽ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമാക്കി മുന്നണികൾ.

**Political alliances have intensified their campaigns for the Bihar Assembly elections.**

5) നാടിന്റെ വികസനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ അതിൽ രാഷ്ട്രീയം വേണ്ടെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ.

**When thinking about the development of the nation, there should be no politics involved, said Union Minister of State George Kurian.**

6) ഐസിസി വനിതാ ലോകകപ്പ് രണ്ടാം സെമിയിൽ ഓസ്ട്രേലിയയ്ക്കെതിരെ ഇന്ത്യയ്ക്ക് 339 റൺ വിജയലക്ഷ്യം.

In the second semi-final of the ICC Women's World Cup, India has a victory target of 339 runs against Australia.

****************************

## PM- VISIT TO GUJARAT

ഗുജറാത്തിലെ കെവാഡിയയിൽ 1,140 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്രമോദി തുടക്കം കുറിച്ചു. 25 ഇലക്ട്രിക് ബസുകളുടെ ഫ്ളാഗ് ഓഫും അദ്ദേഹം നിർവഹിച്ചു. രണ്ടു ദിവസത്തെ സന്ദർശനത്തിനായി ഗുജറാത്തിലെത്തിയ പ്രധാനമന്ത്രി രാജ് പിപ് ലയിൽ, ബിർസ മുണ്ട ഗോത്ര സർവ്വകലാശാല , വാമൻ വൃക്ഷ വാടിക, ഇ-ബസ് ചാർജിംഗ് ഡിപ്പോ, എന്നിവ ഉദ്ഘാടനം ചെയ്യും. ഗരുഡേശ്വരിലെ ഹോസ്പിറ്റാലിറ്റി ഡിസ്ട്രിക്റ്റിന്റെ ആദ്യ ഘട്ടം, സത്പുഡ സംരക്ഷണ മതിൽ, നർമ്മദ ഘട്ട് എക്സ്റ്റൻഷൻ എന്നിവ ഇന്ന് ഉദ്ഘാടനം ചെയ്യപ്പെടുന്ന പദ്ധതികളിൽ ഉൾപ്പെടുന്നു. കൂടാതെ, 367 കോടി രൂപ ചെലവിൽ നിർമ്മിക്കുന്ന നാട്ടു രാജ്യങ്ങളുമായി ബന്ധപ്പെട്ട മ്യൂസിയം, വീർ ബാലക് ഉദ്യാനം, സ്പോർട്സ് കോംപ്ലക്സ്, മഴക്കാടുകളുടെ പദ്ധതി, ശൂൽപനേശ്വർ ഘാട്ടിനടുത്തുള്ള ജെട്ടി വികസനം, ഏകതാ പ്രതിമയിലെ നടപ്പാത എന്നിവയുൾപ്പെടെ നിരവധി പദ്ധതികൾക്ക് പ്രധാനമന്ത്രി തറക്കല്ലിടും. സർദാർ പട്ടേലിന്റെ 150-ാം ജന്മവാർഷികത്തോടനുബന്ധിച്ച് 150 രൂപയുടെ പ്രത്യേക നാണയവും സ്റ്റാമ്പും പ്രധാനമന്ത്രി ചടങ്ങിൽ പ്രകാശനം ചെയ്യും.

****************************

## RASHTRIYA EKTA DIVAS

സർദാർ വല്ലഭ് ഭായ് പട്ടേലിൻറെ 150-ാം ജന്മവാർഷിക ദിനത്തിൽ രാഷ്ട്രീയ ഏക്താ ദിവസ് ആഘോഷങ്ങൾക്കൊരുങ്ങി രാജ്യം. ഗുജറാത്തിൽ നാളെ നടക്കുന്ന ഏക്ത പരേഡ് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. ഏകതാ ദിവസ് പ്രതിജ്ഞ ചൊല്ലിക്കൊടുക്കുന്ന അദ്ദേഹം ഏകതാ പ്രതിമയിൽ പുഷ്പാർച്ചന

നടത്തും. എല്ലാ വർഷവും ഒക്ടോബർ 31 ന് ഏകതാ നഗറിൽ പരേഡ് സംഘടിപ്പിക്കുമെന്ന് ആഭ്യന്തരമന്ത്രി അമിത്ഷാ അറിയിച്ചു. ഏക് ഭാരത്, ശ്രേഷ്ഠ് ഭാരത് എന്ന ആശയത്തെ അടിസ്ഥാനമാക്കിയുള്ള പരേഡിൽ BSF, CRPF, CISF, ITBP, SSB, സംസ്ഥാന പോലീസ് സേനകൾ എന്നിവയിലെ അംഗങ്ങൾ അണിനിരക്കും. രാഷ്ട്രീയ ഏകതാ ദിനത്തോടനുബന്ധിച്ച് നാളെ രാജ്യത്തുടനീളം റൺ ഫോർ യൂണിറ്റി സംഘടിപ്പിക്കും.

******************************

## JAISHANKAR- CYPRUS FM MEETING (INTRO)

ന്യൂഡൽഹിയിൽ സൈപ്രസ് വിദേശകാര്യ മന്ത്രി ഡോ. കോൺസ്റ്റാന്റിനോസ് കോംബോസുമായി വിദേശകാര്യമന്ത്രി എസ്. ജയ്ശങ്കർ കൂടിക്കാഴ്ച്ച നടത്തി. സൈപ്രസിന്റെ പരമാധികാരം, ഐക്യം, പ്രദേശിക അഖണ്ഡത എന്നിവയ്ക്കുള്ള ഇന്ത്യയുടെ അചഞ്ചലമായ പിന്തുണ വിദേശകാര്യമന്ത്രി ആവർത്തിച്ചു. അതിർത്തി കടന്നുള്ള ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ സൈപ്രസ് സ്ഥിരമായി നൽകുന്ന പിന്തുണയെയും വിദേശകാര്യ മന്ത്രി അഭിനന്ദിച്ചു. പഹൽഗാം ഭീകരാക്രമണത്തെ ശക്തമായി അപലപിച്ചതിനും ഭീകരതയ്ക്കെതിരായ പോരാട്ടത്തിൽ ഇന്ത്യയോടുള്ള ഐക്യദാർഢ്യത്തിനും സൈപ്രസ് സർക്കാരിനോട് അദ്ദേഹം നന്ദി പറഞ്ഞു.

(വോയിസ്)

******************************

## BIHAR CAMPAIGNING

ബിഹാറിൽ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള പ്രചാരണം ശക്തമാക്കി മുന്നണികൾ. വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കളും താരപ്രചാരകരും സംസ്ഥാനത്ത് ക്യാമ്പ് ചെയ്ത് റാലികളിലും പൊതുയോഗങ്ങളിലും പങ്കെടുക്കുകയാണ്. പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്ര മോദി ഇന്ന് മുസാഫർപൂരിൽ തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്തു. ഛപ്രയിൽ നടക്കുന്ന പ്രചാരണ യോഗത്തിലും പ്രധാനമന്ത്രി പങ്കെടുത്തു. കോൺഗ്രസിനും, RJD യ്ക്കുമെതിരെ

രൂക്ഷവിമർശനങ്ങളാണ് അദ്ദേഹം ഉയർത്തിയത്. മുതിർന്ന കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഷെയ്ഖ് പുരയിലും, നൂർസരായിലും പൊതുയോഗങ്ങളെ അഭിസംബോധന ചെയ്യു. അടുത്ത മാസം 6, 11 തീയതികളിലാണ് ബിഹാറിൽ വോട്ടെടുപ്പ്. വോട്ടെണ്ണൽ 14 ന് നടക്കും.

****************************

## SIR – KERALA GOVERNOR

തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണത്തിൻറെ നടപടിക്രമങ്ങൾ കേരളത്തിൽ ആരംഭിച്ചു. രാജ്ഭവനിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം നിർവഹിച്ചു.
മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ ഖേൽക്കറുടെ സാന്നിധ്യത്തിൽ, ആദ്യ എന്യൂമറേഷൻ ഫോം ബൂത്ത് ലെവൽ ഓഫീസർ, ഗവർണർക്ക് കൈമാറി. പുതുക്കിയ അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിക്കുമ്പോൾ അർഹരായ ആരേയും ഒഴിവാക്കിയിട്ടില്ല എന്ന് ഉറപ്പാക്കണമെന്ന് ഗവർണർ തെരഞ്ഞെടുപ്പ് അധികാരികൾക്ക് നിർദ്ദേശം നല്കി. പരിഷ്ക്കരണ പ്രക്രിയ വേഗത്തിലും കുറ്റവിമുക്തമായും പൂർത്തീകരിക്കുന്നതിന് എല്ലാ ജനങ്ങളും സഹകരിക്കണമെന്നും ഗവർണർ അഭ്യർത്ഥിച്ചു.

****************************

## CM KERALA – QATAR

ലോക കേരള സഭയും മലയാളം മിഷനും ചേർന്ന് ഖത്തറിൽ സംഘടിപ്പിക്കുന്ന മലയാളോത്സവം മുഖ്യമന്ത്രി പിണറായി വിജയൻ അൽപ്പസമയത്തിനകം ഉദ്ഘാടനം ചെയ്യും. ഐഡിയൽ ഇന്ത്യൻ സ്കൂളിലാണ് പരിപാടി നടക്കുന്നത്. ഏകദിന സന്ദർശനത്തിനായി ഇന്ന് ഖത്തറിൽ എത്തിച്ചേർന്ന മുഖ്യമന്ത്രിയെ ഇന്ത്യൻ അംബാസഡർ വിപുൽ, ലോക കേരള സഭാംഗങ്ങൾ തുടങ്ങിയവർ ചേർന്ന് സ്വീകരിച്ചു.

****************************

## GEORGE KURIAN

നാടിന്റെ വികസനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ അതിൽ രാഷ്ട്രീയം വേണ്ടെന്ന് കേന്ദ്ര ന്യൂനപക്ഷകാര്യ സഹമന്ത്രി ജോർജ്ജ് കുര്യൻ പറഞ്ഞു. ഇതാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നിലപാടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. കേരള കേന്ദ്ര സർവകലാശാലയുടെ പുതിയ അക്കാദമിക് ബ്ലോക്കിന് കാസർകോട് പെരിയ ക്യാമ്പസിൽ തറക്കല്ലിട്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. വികസനത്തിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ഒരുമിച്ച് സഞ്ചരിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. കൊച്ചി വെളിയനാട് ചിന്മയ വിശ്വ വിദ്യാപീഢത്തിൽ നാളെ രാവിലെ നടക്കുന്ന യൂണിറ്റി മാർച്ചിൽ ശ്രീ ജോർജ് കുര്യൻ പങ്കെടുക്കും. അഞ്ചാമത് ദേശീയ മറൈൻ ഫിഷറീസ് സെൻസസ് ഭവനതല വിവരശേഖരണത്തിന്റെ ഔദ്യോഗിക ഉദ്ഘാടനവും കൊച്ചി സിഎംഎഫ്ആർഐ-യിൽ അദ്ദേഹം നാളെ നിർവഹിക്കും.

*****************************

## ASHWINI- PASSENGER HOLDING AREA

രാജ്യത്തുടനീളം വിവിധ റെയിൽവേ സ്റ്റേഷനുകളിലായി യാത്രക്കാർക്കുള്ള 76 കാത്തിരുപ്പു കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ് അംഗീകാരം നൽകി. ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിലെ കാത്തിരുപ്പു കേന്ദ്രത്തിന്റെ വിജയത്തെ തുടർന്നാണ് ഈ തീരുമാനം. രാജ്യത്തുടനീളം ആസൂത്രണം ചെയ്തിരിക്കുന്ന പുതിയ പാസഞ്ചർ കാത്തിരുപ്പു കേന്ദ്രങ്ങൾ മോഡുലാർ ഡിസൈൻ പിന്തുടരുമെന്നും പ്രാദേശിക സാഹചര്യങ്ങൾ കണക്കിലെടുത്ത് നിർമ്മിക്കുമെന്നും റെയിൽവേ മന്ത്രാലയം അറിയിച്ചു.

*****************************

## MEA BRIEFING (INTRO)

അമേരിക്കയുമായുള്ള വ്യാപാര കരാർ അന്തിമമാക്കുന്നതിൽ ഇന്ത്യ തുടർന്നും സഹകരിക്കുമെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രാലയം. വിഷയത്തിൽ ഇരുപക്ഷവും ചർച്ചകൾ തുടരുകയാണെന്ന്

വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

റഷ്യൻ എണ്ണക്കമ്പനികൾക്കെതിരായ യുഎസ് ഉപരോധങ്ങളുടെ പ്രത്യാഘാതങ്ങൾ ഇന്ത്യൻ പക്ഷം പഠിച്ചുവരികയാണ്. ആഗോള വിപണിയിലെ മാറ്റങ്ങൾ കണക്കിലെടുത്താണ് ഇന്ത്യയുടെ തീരുമാനങ്ങളെന്നും ശ്രീ ജയ്സ്വാൾ പറഞ്ഞു.

**(ഹോൾഡ് വോയ്സ്)**

****************************

## W -CRICKET

ഐസിസി വനിതാ ലോകകപ്പ് സെമിയിൽ ഓസ്ട്രേലിയയ്ക്കെതിരെ ഇന്ത്യയ്ക്ക് 339 റൺ വിജയലക്ഷ്യം . നവി മുംബയിൽ നടക്കുന്ന മത്സരത്തിൽ ടോസ് നേടി ബാറ്റിംഗ് തെരഞ്ഞെടുത്ത ഓസ്ട്രേലിയ നിശ്ചിത 50 ഓവറിൽ 338 റൺസിന് പുറത്താകുകയായിരുന്നു. .ഇന്നത്തെ മത്സര വിജയി നവംബർ രണ്ടിന് നടക്കുന്ന ഫൈനലിൽ ദക്ഷിണാഫ്രിക്കയുമായി ഏറ്റുമുട്ടും.

****************************

## cricket T 20

ഇന്ത്യ ഓസ്ട്രേലിയ T 20 പരമ്പരയിലെ രണ്ടാമത്തെ മത്സരം നാളെ മെൽബണിൽ നടക്കും .ഇന്നലെ നടന്ന ആദ്യ മത്സരം മഴമൂലം ഉപേക്ഷിച്ചിരുന്നു .നാളത്തെ മത്സരത്തിൽ മലയാളി വിക്കറ്റ് കീപ്പർ സഞ്ജു സാംസൺ കളിക്കാനിറങ്ങും .പരമ്പരയിൽ അകെ അഞ്ചുകളികളാണ് ഉള്ളത് .

****************************

## RAJNATH-MALAYSIA-VISIT

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് രണ്ട് ദിവസത്തെ സന്ദർശനത്തിനായി മലേഷ്യയിലേക്ക് പുറപ്പെട്ടു.മലേഷ്യയുടെ അധ്യക്ഷതയിൽ നാളെ നടക്കുന്ന ആസിയാൻ-ഇന്ത്യ പ്രതിരോധ മന്ത്രിമാരുടെ അനൗപചാരിക യോഗത്തിന്റെ രണ്ടാം പതിപ്പിനെ ശ്രീ രാജ്നാഥ് സിംഗ് അഭിസംബോധന ചെയ്യും. നവംബർ 1 ന് നടക്കുന്ന ആസിയാൻ പ്രതിരോധ മന്ത്രിമാരുടെ സമ്മേളനത്തിലും അദ്ദേഹം പങ്കെടുക്കും.

***************************

## FM-BHUTAN VISIT

ധനമന്ത്രി നിർമ്മല സീതാരാമൻ്റെ നാല് ദിവസത്തെ ഭൂട്ടാൻ സന്ദർശനത്തിന് ഇന്ന് തുടക്കമായി. സാമ്പത്തിക കാര്യ വകുപ്പിൽ നിന്നുള്ള ഇന്ത്യൻ പ്രതിനിധി സംഘവും, കേന്ദ്ര മന്ത്രിയെ അനുഗമിക്കുന്നു. പരസ്പര ബഹുമാനം, വിശ്വാസം, മേഖലയിലെ പുരോഗതിക്കും സമൃദ്ധിക്കും വേണ്ടിയുള്ള പ്രതിബദ്ധത എന്നിവയിൽ വേരൂന്നിയ, ഭൂട്ടാനുമായുള്ള ഇന്ത്യയുടെ പങ്കാളിത്തത്തെ സന്ദർശനം അടിവരയിടുന്നുവെന്ന് ധനകാര്യ മന്ത്രാലയം വ്യക്തമാക്കി.

***************************

## KERALA NIYAMASABHA ASSEMBLY

കേരള നിയമ സഭ നവംബർ ഒന്നിന് പ്രത്യേക സമ്മേളനം വിളിച്ചു ചേർക്കും. പതിനഞ്ചാം നിയമസഭയുടെ പതിനഞ്ചാം സമ്മേളനമാണ് കേരളപ്പിറവി ദിനത്തിൽ വിളിച്ചു ചേർക്കുന്നത്.

***************************

## SSLC FEES

2025-26 അധ്യയന വർഷത്തെ എസ്.എസ്.എൽ.സി പരീക്ഷയ്ക്കുള്ള ഫീസ് നവംബർ 12 മുതൽ 19 വരെ അടക്കാം. പിഴ യോടുകൂടി നവംബർ 21 മുതൽ 26 വരെയും പരീക്ഷാ കേന്ദ്രങ്ങളിൽ ഫീസ് സ്വീകരിക്കുന്നതാണ്.

**********************************************************************************